# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 15 No. 5 | PUBLISHED FROM DELHI | PRICE Rs. 3/- | MAY 2011

## ദൈവസഭയുടെ പ്രവർത്തനങ്ങൾ ലക്ഷ്യത്തിലേക്ക് കുതിക്കുന്നു; പാസ്റ്റർ എം. സാമുവൽകുട്ടി

**അടൂർ**: പാതാളഗോപുരങ്ങൾക്കോ മറ്റ് യാതൊരു ശക്തിയ്ക്കോ ദൈവസഭയുടെ പ്രവർത്തനങ്ങളെ തകർക്കുവാൻ കഴിയില്ലയെന്നും, സഭ അതിവേഗം കർത്താവിന്റെ മടങ്ങിവരവിനെ ലക്ഷ്യമാക്കി മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയാണെന്നും ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രസ്താവിച്ചു. കേരളാ റീജൻ സംഘടിപ്പിച്ച ഉപവാസപ്രാർത്ഥനയോടനുബന്ധിച്ചു ഏപ്രിൽ 17-ാം തീയതി അടൂരിൽ വച്ച് നടന്ന സംയുക്ത ആരാധനയിൽ മത്തായി 18:16 ആസ്പദമാക്കി ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം.

സഭ എന്നാൽ എന്തെന്നും, സഭ എന്നാൽ എന്തല്ലായെന്നും ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം വ്യക്തമാക്കി. യേശുക്രിസ്തുവാണ് സഭയുടെ സ്ഥാപകനെന്നും, ഉറപ്പുള്ളതും തകർന്നുപോകാത്തതും ശക്തിയുള്ളതുമായ ക്രിസ്തു എന്ന പാറമേലാണ് ദൈവം തന്റെ സഭയെ സ്ഥാപിച്ചതെന്നും ദൈവം നമ്മുടെ സഭയുടെ പ്രവർത്തനങ്ങളെ വിശാലമാക്കുവാൻ പോവുകയാണെന്നും അതിന് ഈ ഉപവാസ പ്രാർത്ഥന ഒരു മുഖാന്തരമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

റീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ പാസ്റ്റർ ബോബി പി. ജോൺ 136-ാം സങ്കീർത്തനം വായിച്ചു. തുടർന്ന് സഭകളുടെ പ്രതിനിധികളും ദൈവദാസന്മാരും സാക്ഷ്യങ്ങൾ പ്രസ്താവിച്ചു. സുവി. ബ്ലസ്സൻ

(ശേഷം രണ്ടാം പേജിൽ)



*പാസ്റ്റർ എം. സാമുവൽകുട്ടി സംയുക്താരാധനയിൽ പ്രസംഗിക്കുന്നു.പാസ്റ്റർമാരായ ഡി.ലാസർ, റ്റി.പി രാജു, ഡി. ജോൺ, എബി. എം.ജോൺ, ബിജു ബഞ്ചമിൻ, എബി ജോർജ് എന്നിവർ വേദിയിൽ*

## സഭ പുനരാഗമനത്തിന്റെ പ്രത്യാശയിലേക്ക് മടങ്ങണം; പാസ്റ്റർ ഒ. എം. രാജുകുട്ടി

**ന്യൂഡൽഹി**: പുനരാഗമനത്തിന്റെ പ്രത്യാശ മങ്ങിപ്പോയതാണ് ആധുനിക സഭകളുടെ ജീർണ്ണതയ്ക്കും ആത്മിക അപജയങ്ങൾക്കും കാരണമെന്ന് പെന്തെക്കോസ്ത് ഇന്റർ ചർച്ച് കൗൺസിൽ ദേശീയ സെക്രട്ടറി പാസ്റ്റർ ഒ. എം. രാജുക്കുട്ടി പ്രസ്താവിച്ചു. ഗ്രെയ്റ്റ് കമ്മിഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ നടന്ന ഗുഡ്ന്യൂസ് കൺവൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആദിമസഭയുടെ പ്രതീക്ഷയും പ്രത്യാശയും പ്രസംഗവിഷയവും കർത്താവിന്റെ മടങ്ങിവരവായിരുന്നു. അതുകൊണ്ട് ലോകത്തിന്റെ ക്ഷണികസുഖങ്ങളോട് അവർക്ക് അമിത താൽപ്പര്യമില്ലായിരുന്നു. വിശുദ്ധജീവിതം

(ശേഷം രണ്ടാം പേജിൽ)



*പാസ്റ്റർ ഒ.എം. രാജുകുട്ടി കൺവൻഷനിൽ പ്രസംഗിക്കുന്നു. പരിഭാഷ: പാസ്റ്റർ ജോൺസൺ*

## ഉത്തരേന്ത്യയുടെ അപ്പൊസ്തലൻ പാസ്റ്റർ കെ.റ്റി. തോമസ്

ന്യൂഡൽഹി : ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ നോർത്തേൺ റീജൻ സ്ഥാപക പ്രസിഡന്റും ഉത്തരഭാരതത്തിന്റെ അപ്പൊസ്തലനുമായ പാസ്റ്റർ കെ.റ്റി. തോമസ് (84) കർത്താവിൽ നിദ്രപ്രാപിച്ചു. ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ കല്ലിശ്ശേരിയിൽ നെല്ലിലയത്ത്, ഇടിച്ചാണ്ടി (തോമസ്) -ദീനാമ്മ ദമ്പതികളുടെ സീമന്തപുത്രനായി 1927 ജൂൺ 18-ാം തീയതി ജനിച്ചു.

മാതാപിതാക്കൾ ബ്രദറൺ വിശ്വാസികൾ ആയിരുന്നുവെങ്കിലും കെ.റ്റി. തോമസ്സ് നിരീശ്വരവാദി ആയിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഇൻഡ്യൻ ആർമിയിൽ ചേർന്ന് സേവനം ആരംഭിച്ച അദ്ദേഹം 1953-ൽ ഡൽഹിയിൽ സെൻട്രൽ സെക്രട്ടറിയേറ്റിൽ ജോലിയിൽ പ്രവേശിച്ചു. 1952 മെയ് 8-ാം തീയതി മേരിക്കുട്ടിയെ വിവാഹം കഴിച്ച് കുടുംബജീവിതത്തിൽ പ്രവേശിച്ചു. നിരീശ്വരവാദി ആയിരുന്ന ഭർത്താവിന്റെ രക്ഷയ്ക്കു വേണ്ടി നിരന്തരമായി ദൈവത്തോട് പ്രാർത്ഥിച്ചും ഉപവസിച്ചും വന്നു. 1956 ജൂലൈ 1-ാം തീയതി കെ.റ്റി. തോമസ് കർത്താവിനെ രക്ഷിതാവായി അംഗീകരിച്ച് രക്ഷാനിർണ്ണയം പ്രാപിച്ചു. 1956 ജൂലൈ 29ന് പാസ്റ്റർ എം.കെ. ചാക്കോച്ചൻ അവറുകളുടെ കൈക്കീഴിൽ സ്നാനമേറ്റു.

കർത്താവിന്റെ വേലയ്ക്കുള്ള ദർശനം ലഭിച്ചതിനെ തുടർന്ന് മറ്റാരോടും അനുവാദം ചോദിക്കാതെ കർത്തൃശുശ്രൂഷയ്ക്കായി ഇറങ്ങി തിരിച്ചു. അങ്ങനെ 1956 ഒക്ടോബർ മാസത്തിൽ മോത്തിബാഗിലുള്ള തങ്ങളുടെ വസതിയിൽ ആദ്യമായി ആരാധന ആരംഭിച്ചു. ഡൽഹിയിലുള്ള മലയാളത്തിലെ ആദ്യത്തെ പെന്തക്കൊസ്തു ആരാധന ആയിരുന്നു അത്.

1969-ൽ ഐ.പി.സി. നോർത്തേൺ റീജൺ രൂപീകരിച്ച് ഉത്തരഭാരതത്തിൽ പ്രവർത്തനത്തിന് നേതൃത്വം നൽകി. ഇന്ന് ഉത്തരഭാരതത്തിലുള്ള വിവിധ റീജണുകളിൽ വ്യാപിച്ച് കിടക്കുന്ന ഐ.പി.സിയൂടെ വിശാലമായ പ്രവർത്തനങ്ങൾക്ക് പാസ്റ്റർ കെ. റ്റി.തോമസ്സിന്റെ പ്രവർത്തനം വഴിതെളിച്ചു.



**പാസ്റ്റർ കെ.റ്റി. തോമസ്**
**1927 - 2011**

വാർദ്ധക്യ സഹജമായ ക്ഷീണം നേരിട്ടതിനെ തുടർന്ന് സഭയുടെ ചുമതലകൾ വിശ്വസ്ത ദൈവഭൃത്യൻമാരെ ഭരമേല്പ്പിച്ച് സ്വഭവനത്തിൽ വിശ്രമിക്കുകയായിരുന്ന അദ്ദേഹം ഏപ്രിൽ 10-ാം തീയതി രാത്രി പതിവുപോലെ ഉറങ്ങി. അതിരാവിലെ തന്റെ സഹധർമ്മിണിയുടെ കരം പിടിച്ച് മുഖത്തേക്ക് നോക്കി യാത്ര ചോദിക്കുമ്പോൾ അത് ഒരു താല്ക്കാലിക വേർപാട് എന്ന് ആത്മാവിൽ ബോധ്യമായപ്പോൾ വിശ്വാസത്തിന്റെ ധീര പോരാളിയായ ആ കർമ്മവനിത തന്റെ മകനെയും കുടുംബത്തേയും അരികിൽ വിളിച്ച് ഒരുമിച്ച് പ്രത്യാശയുടെ ഗാനം (സമയമാം രഥത്തിൽ..) പാടി അദ്ദേഹത്തെ യാത്ര അയച്ചു. ഭക്തൻമാർ മരിക്കും പോലെ ഞാൻ മരിക്കട്ടെ എന്ന അദ്ദേഹത്തിന്റെ പ്രാർത്ഥന അക്ഷരാർത്ഥത്തിൽ നിറവേറി.

അതുല്യ ക്രൈസ്തവ സംഘാടകൻ, ഭരണതന്ത്രജ്ഞൻ, അപ്പൊസ്തലൻ, അദ്ധ്യാപകൻ, പ്രഭാഷകൻ, ഗ്രന്ഥകർത്താവ്, ലേഖകൻ, നേതൃസാരഥി, ഗാനരചയിതാവ്, വാഗ്മി, വേദപണ്ഡിതൻ, ശുശ്രൂഷകന്മാരേയും സഭകളേയും വാർത്തെടുത്ത ആദർശധീരൻ എന്നീ നിലകളിൽ അദ്ദേഹം കർത്താവിൽ പ്രസിദ്ധനായി. ഏകദേശം അറുനൂറോളം സഭകൾ സ്ഥാപിക്കുകയും ചെയ്തു.

ശവസംസ്കാര ശുശ്രൂഷ ഏപ്രിൽ 16 ന് രാവിലെ 8 മണിക്ക് ന്യൂഡൽഹി വീർസിംഗ് മാർഗ് ഗോൾ മാർക്കറ്റിൽ ഉള്ള സഭയുടെ ആസ്ഥാനത്തിൽ ആരംഭിച്ചു. വിവിധ സഭകളെ പ്രതിനിധീകരിച്ച് പാസ്റ്റർ കെ.ജോയി, പാസ്റ്റർ ജോഷ് കല്ലുമ്മേൽ, ഡോ. പോൾ പിള്ള, പാസ്റ്റർ മാത്യു ഉമ്മൻ, പാസ്റ്റർ ജോൺ ഉമ്മൻ, ഡോ. വർഗീസ് തോമസ്, കെ.വി. മാത്യു, ഫാ. ഡൊമനിക് ഇമ്മാനുവേൽ, മൈക്കിൾ, രാജൻ എസ്. മാത്യു എന്നിവരെ കൂടാതെ ഐ.പി.സി. നോർത്തേൺ റീജണിൽ നിന്നും പാസ്റ്റർമാരായ ഫിലിപ്പൊസ് മാത്യു, ഡാനിയേൽ പോൾ, പി.ഡി. തോമസ്, പി.ജെ. ജോസഫ്, തോമസ് ഫിലിപ്പ്, സത്യാനന്ദ്, ജോയിക്കുട്ടി, കെ.സി, സാമുവൽ, കെ. എസ്, ജോൺ, എം. ജോണിക്കുട്ടി എന്നിവരും അനുശോചനം രേഖപ്പെടുത്തി. തുടർന്ന് കുടുബാംഗങ്ങൾ പരേതന്റെ പ്രവർത്തനങ്ങളെ അനുസ്മരിച്ചു.

പാസ്റ്റർ കെ. വി. ഏബ്രഹാമിന്റെ ( ഐ.പി.സി. ഗുജറാത്ത് സ്റ്റേറ്റ് പ്രസിഡന്റ്) ദൈവവചന ശുശ്രൂഷയ്ക്ക് ശേഷം പൊതു ദർശനത്തിന് അവസരം നൽകി. തുടന്ന് ന്യൂഡൽഹി പൃഥിരാജ് റോഡിലുള്ള ക്രിസ്ത്യൻ സെമിത്തേരിയിൽ അനേകം കർത്യദാസന്മാരുടെയും വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ നടന്ന ശുശ്രൂഷയിൽ പാസ്റ്റർ സാമുവൽ ജോൺ (റീജൻ പ്രസിഡന്റ്) ദൈവവചനം ശുശ്രൂഷിക്കുകയും പാസ്റ്റർ പി.എം.ജോൺ (റീജൻ വർക്കിങ്ങ് പ്രസിഡന്റ് ) പുനരുത്ഥാനത്തിന്റെ പൊൻപുലരിയിൽ പരേതൻ ഉയർത്തെഴുന്നേൽക്കും എന്നുള്ള പ്രത്യാശ

(ശേഷം രണ്ടാം പേജിൽ)

പത്രാധിപ ലേഖനം.......

# സഭയുടെ ഉദ്ദേശ്യം



**പെ**ന്തക്കൊസ്ത്, വേർപാട് സഭകൾക്ക് സഭ (church) എന്ന നിലയിൽ സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കാത്തത് കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ബഹുവിധ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. സാധാരണഗതിയിൽ കുപ്പായമിട്ടിട്ടുള്ള പട്ടക്കാരും അധികാരവസ്ത്രങ്ങൾ അണിഞ്ഞ മേൽപട്ടക്കാരും നയിക്കുന്ന എപ്പിസ്ക്കോപ്പൽ സഭകൾക്കാണ് സർക്കാർ സഭ എന്ന അംഗീകാരം കൊടുക്കുന്നത്. നമ്മുടെ സഭകൾക്ക് സൊസൈറ്റി രജിസ്ട്രേഷൻ ആണ് നൽകിവരുന്നത്. പട്ടത്വസഭകൾ തങ്ങളുടെ പാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്നുണ്ടെങ്കിലും വേദപുസ്തക വെളിച്ചത്തിൽ യഥാർത്ഥ ക്രൈസ്തവ പാരമ്പര്യം അവകാശപ്പെടാവുന്നത് പെന്തക്കൊസ്തു സഭകൾക്കാണെന്നുള്ള വസ്തുത ഈ വർഷാരംഭത്തിൽ ഈ പംക്തിയിൽ പ്രതിപാദിച്ചിരുന്നു.

സത്യസഭയുടെ പ്രധാന ഉദ്ദേശ്യം എന്തെന്നാണ് ഈ ലക്കത്തിൽ നാം പരിശോധിക്കുന്നത്. സുവിശേഷീകരണവും വചനം അഭ്യസിപ്പിക്കുന്നതുമാണ് സഭയ്ക്ക് നിവർത്തിക്കുവാനുള്ള ദൗത്യങ്ങളിൽ മുഖ്യം. ക്രിസ്തുശിഷ്യന്മാരെ വാർത്തെടുക്കുക എന്ന ബൃഹത് പദ്ധതിയാണ് കർത്താവ് സഭയെ ഭരമേൽപ്പിച്ചത്. ശരിക്കും ഒരു മഹാദൗത്യം. “യേശു അടുത്തുചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കികൊള്ളുവിൻ”. മതാനുയായികൾ പെരുകുന്നത് കൊണ്ട് അർത്ഥമില്ല; തനി ശിഷ്യരെയാണ് കർത്താവിന് ആവശ്യം.

ശിഷ്യരാക്കുന്നതിൽ ആദ്യത്തെ പടി പുറപ്പെട്ടു പോയി നഷ്ടപ്പെട്ട ജനങ്ങളോട് സുവിശേഷം അറിയിക്കുക എന്നതാണ്. അടുത്തപടി പുതിയ വിശ്വാസികളെ സ്നാനപ്പെടുത്തുക. അവരെ ദൈവസഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക പിന്നീട് കർത്താവ് കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ ഉപദേശിക്കണം. ശിഷ്യരാക്കുക എന്നതിന്റെ യഥാർത്ഥ അർത്ഥം ജനങ്ങളെ യേശുക്രിസ്തുവിന്റെ സത്യവിശ്വാസികളാക്കി അവരെ കർത്താവിനോടുള്ള പൂർണ്ണ സമർപ്പണത്തിലേക്ക് നയിക്കുക എന്നുള്ളതാണ്. സുവിശേഷീകരണവും ആത്മിക വർദ്ധനവും കൂടി ചേർന്ന ഒരു പ്രക്രിയയാണത് (അപ്പൊസ്തല പ്രവൃത്തികൾ 14:21-23, 15: 35)

വിശ്വാസികളെ ക്രിസ്തുവിൽ തികഞ്ഞവരാക്കി പക്വതയിൽ നിലനിർത്താൻ (കൊലൊസ്സ്യർ 1:28) അവർക്ക് ആത്മിയ ഭക്ഷണം (ദൈവചനം) നൽകേണ്ടത് അനിവാര്യമാണ്. അവരെ ശാസിക്കുകയും ശിക്ഷിക്കുകയും പ്രബോധിപ്പിക്കുകയും ഉപദേശിക്കുകയും തിരുത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം. സകലജ്ഞാനത്തോടും വേണം അവരെ ഉപദേശിക്കേണ്ടത്.

സഭയ്ക്ക് നിവർത്തിക്കുവാനുള്ള പ്രധാന ദൗത്യത്തിൽ സകലജാതികളുടെ ഇടയിലും ദൈവമഹത്വം വെളിപ്പെടുത്തുക എന്നതും ഉൾപ്പെട്ടിരിക്കുന്നു. ദൈവസഭ ലോകത്തിന്റെ വെളിച്ചമാകുന്നു. അത് മറഞ്ഞിരിക്കുവാൻ പാടില്ല. ലോകം ഇരുട്ടിൽ ആയിരിക്കുമ്പോൾ ദൈവിക വെളിച്ചം ഇവിടെ പ്രകാശിപ്പിക്കുക എന്നതാണ് സഭയുടെ ഉത്തരവാദിത്വം. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു പറഞ്ഞ ക്രിസ്തു പിന്നീട് ശിഷ്യരോട് പറഞ്ഞത് നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നത്രെ.

ഇന്നത്തെ സഭകൾക്ക് സംഭവിച്ചിരിക്കുന്ന പരാജയങ്ങളുടെ കാരണം അവരുടെ മുൻഗണനകൾ മാറിപ്പോയതാണ്. ശരിക്കും സഭയുടെ മുൻഗണനകൾ എന്തെല്ലാം എന്ന് നോക്കുമ്പോൾ ആദ്യം തെളിഞ്ഞു വരുന്നത് സുവിശേഷീകരണം തന്നെയാണ്. പോയി സുവിശേഷം അറിയിക്കണം. അങ്ങനെയെങ്കിൽ ഫലവും ദൃശ്യമാകും. രക്ഷിക്കപ്പെടുന്നവർ സഭയോട് ചേർന്നുകൊണ്ടേയിരിക്കും.

അടുത്ത മുൻഗണന നൽകേണ്ടത് കൂടിവരവുകൾക്കാണ്. ഉപദേശം കേൾക്കാനും കൂട്ടായ്മ ആചരിക്കാനും അപ്പം നുറുക്കാനും പ്രാർത്ഥന കഴിപ്പാനും (അപ്പൊസ്തല പ്രവൃത്തികൾ 2:42) ഉത്സാഹിച്ചു കൂടിവരേണം. ദൈവവും മനുഷ്യരും ആയിയുള്ള കൂട്ടായ്മ സഭയുടെ ഒരു പ്രധാന ഘടകമാണ്. സഭയുടെ മുൻഗണനകളിൽ പ്രധാനം ആരാധന ആയിരിക്കണം. ദൈവത്തെ മഹത്വപ്പെടുത്തുകയും സ്തുതിക്കുകയും ചെയ്യുന്നത് ദൈവത്തിന് ഏറെ പ്രസാദകരമാണ്.

സഭ ഭൂമിയിൽ സ്ഥാപിതമായതിന്റെ ഉദ്ദേശ്യം എന്ത് എന്നതിനെക്കുറിച്ച് നമുക്ക് വ്യക്തമായ ഒരു ധാരണ ഉണ്ടായിരിക്കേണം. ആ ധാരണ അനുസരിച്ചു വേണം നാം പ്രവർത്തിക്കേണ്ടതും. എങ്കിൽ സഭ വളരുകതന്നെ ചെയ്യും. സമാധാനത്തിനും സ്നേഹത്തിനും വേണ്ടി സ്ഥാപിതമായിരിക്കുന്ന സർവ്വസംവിധാനങ്ങളും പരാജയപെടുമ്പോഴും സഭ അജയ്യമായി നിലനിന്ന് ലോകത്തിന് പ്രത്യാശ പകർന്നുകൊണ്ടേയിരിക്കണം. കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ, ശുദ്ധയും നിഷ്കളങ്കയും ആയ കർത്താവിന്റെ മണവാട്ടിയായി സഭ പരിലസിക്കേണം.

*-പാസ്റ്റർ എം. സാമുവൽകുട്ടി*


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : ***വിശ്വാസി*** ഗ്രാഫിക്സ്, ഡൽഹി


## വരിസംഖ്യ

വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |

## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊളളുന്നു.

*-പത്രാധിപർ*

# എഫ്.സി.ബി.സി 6-ാംവർഷത്തിലേക്ക്

**അടൂർ**: ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ നേതൃത്വത്തിൽ അടൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ പ്രവർത്തനം ആറാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. ഈ അദ്ധ്യയനവർഷത്തെ ക്ലാസ്സുകൾ (2011-2012) ജൂൺ ആദ്യവാരത്തിൽ കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ആരംഭിക്കും.

ബാച്ചിലർ ഇൻ തിയോളജി, ഡിപ്ലോമ ഇൻ തിയോളജി എന്നീ വിഭാഗങ്ങളിലായി ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിറ്റേഷന്റെ (IATA) അംഗീകാരത്തോടെ നടക്കുന്ന കോഴ്സുകളിലേക്ക് പരിമിതമായ സീറ്റുകൾ മാത്രമാണ് ഉള്ളത്. റെഗുലർ കോഴ്സിൽ പഠിക്കുവാൻ കഴിയാത്തവരും സുവിശേഷവേലയിൽ താല്പര്യവും ദർശനവുമുള്ള ഉദ്യോഗസ്ഥർക്കും കുടുംബസ്ഥർക്കും വേണ്ടി സായാഹ്ന കോഴ്സ് (സർട്ടിഫിക്കറ്റ് ഇൻ തിയോളജി) 6 മണി മുതൽ 8 മണിവരെ (തിങ്കൾ-ബുധൻ) നടത്തപ്പെടുന്നു.

## സ്നാനം നടന്നു

**അടൂർ:** 2011 ഏപ്രിൽ 11 മുതൽ 17 വരെ അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയിൽ വച്ച് നടന്ന റീജന്റെ ഉപവാസപ്രാർത്ഥനയോടനുബന്ധിച്ച് 17-ാം തീയതി രാവിലെ 4 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. പാസ്റ്റർ എം. സാമുവൽകുട്ടി ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

ഞെട്ടിപ്പിച്ച സംഭവം ആയിരുന്നു അത്. എന്നാൽ യേശു നടത്തുന്ന ആന്തരിക സൗഖ്യ ശുശ്രൂഷ എത്ര മനോഹരമായാണ് യോഹന്നാൻ 21-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. പത്രൊസ് മൂന്നുവട്ടം യേശുവിനെ തള്ളിപ്പറഞ്ഞു. യേശു മൂന്നുവട്ടം പത്രൊസിനോടു ചോദിച്ചു; യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവരിലധികമായി എന്നെ സ്നേഹിക്കുന്നുവോ? മൂന്നാം പ്രാവശ്യം പത്രൊസിന്റെ കണ്ണുനിറഞ്ഞുകാണും. ആ കണ്ണുനീരിലൂടെ അവന്റെ മുറിവ് ഉണങ്ങി. പത്രൊസിനെ ഞെട്ടിപ്പിച്ച സംഭവം അവനിൽനിന്ന് നീങ്ങി, പകരം യേശുവിന്റെ സ്നേഹം അവന്റെ ഹൃദയത്തെ നിറച്ചു. പത്രൊസ് സൗഖ്യമായി. ആന്തരിക സൗഖ്യം ലഭിച്ച പത്രൊസിനെയാണ് ആടുകളെ മേയിക്കുക എന്ന പുതിയ ഉത്തരവാദിത്വം കർത്താവ് ഏൽപ്പിച്ചത്. തിരസ്കരിക്കപ്പെട്ടവരെ, ദുരന്തത്തിലൂടെ കടന്നുപോയവരെ, യേശു ഉയർത്തും എന്നതിന്റെ ഉത്തമോദാഹരണമാണ് പത്രൊസ്. അപ്പൊസ്തല പ്രവൃത്തികൾ 2-ൽ പെന്തെക്കൊസ്തു നാൾ വന്നപ്പോൾ ഒരിക്കൽ തള്ളിപ്പറഞ്ഞ പത്രൊസായിരുന്നു സഭയൂടെ ഒന്നാമത്തെ സന്ദേശം നൽകിയത്.

(കടപ്പാട്: ആന്തരിക സൗഖ്യം)

## സഭ പുനരാഗമനത്തിന്റെ.....

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

നയിപ്പാനും കർത്താവിനായി കാത്തിരിപ്പാനും അവർക്കു കഴിഞ്ഞു. ലോകത്തിൽ പേരുണ്ടാക്കാനോ, സമ്പത്തു കൂട്ടുവാനോ, സ്ഥാനമാനങ്ങൾക്കു വേണ്ടി കടിപിടി കൂട്ടാനോ അവർ താൽപ്പര്യം കാട്ടിയില്ല. അതിവേഗം വരുന്ന കർത്താവിനോടു ചേരുവാൻ അവർ നോക്കിപ്പാർത്തിരുന്നു. എന്നാൽ ഇന്നു കാര്യങ്ങളെല്ലാം തകിടംമറിഞ്ഞ സ്ഥിതിയാണ്. സഭയിൽനിന്നും പുനരാഗമനത്തിന്റെ പ്രത്യാശ അപ്രത്യക്ഷമായിരിക്കുന്നു.

ലവോദിക്യസഭയ്ക്കു തുല്യമായ അവസ്ഥയിലെത്തിയിരിക്കുന്ന പെന്തെക്കോസ്തു സമൂഹം പുനരാഗമനത്തിന്റെ പ്രത്യാശയിലേക്കു മടങ്ങിപ്പോകേണ്ടിയിരിക്കുന്നു. നമ്മുടെ മനസ്സുകളിൽ പ്രതിനിമിഷം നിറഞ്ഞുനിൽക്കേണ്ടത് യേശുവിന്റെ മടങ്ങിവരവിന്റെ പ്രതീക്ഷയായിരിക്കണം.

മയൂർ വിഹാർ ഡി. ഡി. എ. പാർക്ക് മൈതാനത്തു നടന്ന കൺവൻഷൻ ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗം ഡോ. എച്ച്. റ്റി. സാംഗ്ലിയാന ഉദ്ഘാടനം ചെയ്തു. ഡൽഹി നിയമസഭാ ഡപ്യൂട്ടി സ്പീക്കർ ശ്രീ. അമരീഷ് സിങ്ങ് ഗൗതം മുഖ്യ അതിഥിയായിരുന്നു. മലയാളികളും ഹിന്ദിക്കാരുമായി മൂവായിരത്തോളം ആളുകൾ പങ്കെടുത്തു. അനേകർ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കയും വിടുതൽ പ്രാപിക്കയും ചെയ്തു. പാസ്റ്റർ ഏബ്രഹാം, ജിജി സാം എന്നിവർ ഗാനശുശ്രൂഷകൾക്കു നേതൃത്വം നൽകി.

## ദൈവസഭയുടെ പ്രവർത്തനങ്ങൾ.....

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ജി. സാമുവേലും, പാസ്റ്റർ ബിജു ബഞ്ചമിനും ദൈവവചനത്തിൽ നിന്നും സംസാരിച്ചു. തുടർന്ന് കർത്തൃമേശ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകി. കേരളാ റീജനിലെ ദൈവദാസന്മാരും വിശ്വാസികളും യോഗത്തിൽ പങ്കെടുത്തു.

## ഉത്തരേന്ത്യയുടെ അപ്പൊസ്തലൻ....

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

യോടെ ഭൗതിക ശരീരം സംസ്കരിച്ചു. സയോൺ സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

സ്റ്റാൻലി തോമസ് (യു. എസ്. എ), പരേതനായ ബഞ്ചമിൻ തോമസ്, സൂസൻ (യു. എസ്. എ), സാമുവൽ തോമസ് (ഡൽഹി), പേഴ്സിസ് (ഗുഡ്ഗാവ്) എന്നിവർ മക്കളും മേരി സ്റ്റാൻലി (യു. എസ്. എ), സാമുവൽ ജോൺ (യു. എസ്. എ), അനിതാ സാമുവൽ (ഡൽഹി), എപി. ജോൺ എന്നിവർ മരുമക്കളുമാണ്.

ആന്തരിക സൗഖ്യം

# ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ



ഫിന്നി സ്റ്റീഫൻ സാമുവേൽ
അരുണാചൽ പ്രദേശ്

മനുഷ്യ മനസ്സിൽ സംഭവങ്ങൾക്ക് സ്ഥാനമുണ്ട്. ജീവിതത്തെ നടുക്കിയ സംഭവങ്ങൾ മനസ്സിനെ ആകമാനം ഇളക്കിമറിക്കും. അതു വരുത്തുന്ന ക്ഷതം ദീർഘകാലം നീണ്ടുനിൽക്കും.

**"പ്രിയമുള്ളവരെ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വ കാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവെച്ചു അതിശയിച്ചു പോകരുത് "** (1 പത്രൊസ് 4:12)

ഞെട്ടിപ്പിച്ച സംഭവങ്ങളിലൂടെ കടന്നുപോയവർക്ക് അതിന്റെ അനന്തരഫലം വിവിധ മാനസിക സംഘർഷങ്ങളായി തുടരും. അവർ പെട്ടന്ന് ഞെട്ടുവാൻ സാധ്യതയുണ്ട്. ഭയപ്പെടുത്തുന്ന സ്വപ്നങ്ങൾ കാണും. ഉറക്കത്തിൽ ഞെട്ടി ഉണരും. അതിനുശേഷം ഉറങ്ങുവാൻ കഴിയുകയില്ല. ഞെട്ടിപ്പിച്ച സംഭവങ്ങൾക്ക് ദൃക്സാക്ഷികൾ ആയവർ വിഷാദരോഗികൾ ആകുവാൻ സാധ്യതയുണ്ട്.

വിഷാദരോഗത്താൽ ബുദ്ധിമുട്ട് അനുഭവിച്ച ഒരു സഹോദരിക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവർ തന്റെ അനുഭവം പറഞ്ഞു. അവളും അവളുടെ ഭർത്താവും സ്കൂട്ടറിൽ യാത്ര ചെയ്യുമ്പോൾ ഒരു ബസ് വന്നു സ്കൂട്ടറിനെ ഇടിച്ചു. ഇടിയുടെ ആഘാതത്താൽ ഈ സ്ത്രീ റോഡിനു പുറത്തു പോയി വീണു. പരുക്കുകൾ ഒന്നുംകൂടാതെ അവൾ ചാടി എണീറ്റപ്പോൾ തന്റെ ഭർത്താവിന്റെ തലയിലൂടെ ബസ്സിന്റെ ടയർ കയറിയിറങ്ങുന്നതാണ് കണ്ടത്. തലയോട്ടി പൊട്ടുന്ന ശബ്ദം കേട്ട് അവൾ നടുങ്ങി. ദീർഘവർഷങ്ങൾ കഴിഞ്ഞിട്ടും ആ ഞെട്ടലിൽ നിന്നും അവൾക്ക് പുറത്തുവരുവാൻ കഴിയുന്നില്ലായിരുന്നു.

മരണം ശൂന്യത സൃഷ്ടിക്കുന്നു. ആ ശൂന്യതയെ നാം ദൈവത്തിന്റെ ആശ്വാസം കൊണ്ടു നിറക്കണം.

**"റാമയിൽ ഒരു ശബ്ദം കേട്ടു, കരച്ചിലും വലിയ നിലവിളിയും തന്നെ; റാഹേൽ മക്കളെച്ചൊല്ലി കരഞ്ഞു; അവർ ഇല്ലായ്കയാൽ ആശ്വാസം കൈകൊൾവാൻ മനസ്സില്ലാതിരുന്നു"** (മത്തായി 2:17)

ദുരന്തങ്ങൾ സംഭവിക്കുമ്പോൾ ദൈവം ഉടനടി നമുക്ക് ആശ്വാസം തരുന്നുണ്ട്. എന്നാൽ പലപ്പോഴും ആശ്വാസം കൈക്കൊള്ളുവാൻ നമുക്ക് കഴിയുന്നില്ല. എനിക്ക് എന്തുകൊണ്ടിതു സംഭവിച്ചു എന്ന ചോദ്യം നമ്മിൽ ഉയർന്നു വരുന്നു.ദുരന്തത്തിന്റെ കാരണം കണ്ടെത്താൻ ശ്രമിച്ചാൽ ഒരുപക്ഷേ പരാജയപ്പെട്ടേക്കാം. അതിനു പകരം പരാതി കൂടാതെ മനസ്സിലെ ശൂന്യതയിലേക്ക് ദൈവത്തിന്റെ ആശ്വാസം സ്വീകരിക്കണം. ദൈവസ്നേഹംകൊണ്ട് ആ ശൂന്യത നിറയ്ക്കണം.

ദൈവത്തിന്റെ ആശ്വാസം സ്വീകരിക്കാതിരുന്നാൽ ദുരാത്മാക്കൾ ആ ശൂന്യതകളിലേക്കു പ്രവേശിക്കും. അങ്ങനെയുള്ളവർ ഘോരമായ മാനസിക പീഢനം അനുഭവിക്കും.

ഒരു മകൾ, കുവൈറ്റിൽ ജോലിയുള്ള തന്റെ അപ്പന്റെ മരണവാർത്ത കേട്ടു ഞെട്ടിയ സംഭവം വിവരിക്കുന്നത് ഇങ്ങനെയാണ്. ഒരു പ്രഭാതത്തിൽ അപ്പൻ സാധാരണ അവളെ വിളിക്കുന്ന സമയത്ത് ഫോൺ ബെല്ലടിച്ചു. പിതാവിനോടു സംസാരിക്കുവാൻ ഉത്സാഹത്തോടെ അവൾ ഓടിച്ചെന്നു. അവളുടെ അമ്മയാണ് ഫോണെടുത്തത്. അപ്പന്റെ മരണവാർത്ത കേട്ടു അമ്മ ബോധരഹിതയായി വീണു. അവൾ ഓടിച്ചെന്നു ഫോണെടുത്തു. ആ നിമിഷം അവൾ ഞെട്ടിത്തരിച്ചു നിന്നു പോയി. അവൾക്കു ദൈവത്തോട് കൈപ്പ് തോന്നി. ദൈവം അവളുടെ അപ്പനെ കൊന്നുവെന്ന് അവൾ പറയുവാൻ ആരംഭിച്ചു. അതുമൂലം അവൾ ദുരാത്മപീഢനങ്ങൾക്കു വിധേയയായി. അവൾക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദുരാത്മാക്കൾ അവളെ വിട്ടുപോയി

> എല്ലാ ദുരന്തങ്ങളിൽ നിന്നും യേശു നമ്മെ സൗഖ്യമാക്കുവാൻ ആഗ്രഹിക്കുന്നു. ഞെട്ടിപ്പിച്ച സംഭവങ്ങളിൽ കിടക്കുന്ന നമ്മുടെ തിന്മ നിറഞ്ഞ വൈകാരിക പ്രതികരണങ്ങളെ നീക്കിക്കളഞ്ഞു നമ്മുടെ മനസ്സുകളെ പൂർണമായി സൗഖ്യമാക്കുവാൻ യേശു ആഗ്രഹിക്കുന്നു.

ആ പീഡനങ്ങളിൽ നിന്ന് അവൾ സ്വതന്ത്രയായി. ദൈവം നന്മ മാത്രമേ ചെയ്യുകയുള്ളുവെന്ന് അവൾ വിശ്വസിച്ച് ഏറ്റു പറഞ്ഞു. അപ്പന്റെ മരണകാരണം അന്വേഷിക്കുന്നത് അവൾ നിർത്തി വച്ചു.

**"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു"** (റോമർ 8:28)

എല്ലാ ദുരന്തത്തിലും ഒളിഞ്ഞുകിടക്കുന്ന ഒരു അനുഗ്രഹമുണ്ട്. അതു കണ്ടെത്തണമെങ്കിൽ ശരിയായ മനോഭാവം നമുക്ക് ആവശ്യമാണ്.

2002 2-ാം മാസം 2-ാം തീയതി ഞാൻ ഒരു വലിയ ദുരന്തത്തിലൂടെ കടന്നുപോയി. എന്റെ രണ്ടാമത്തെ കുഞ്ഞിന്റെ ജനനത്തിനുശേഷം എന്റെ ഭാര്യയും കുഞ്ഞുങ്ങളും അവളുടെ അമ്മയും അരുണാചൽപ്രദേശിൽ നിന്നും ഗോഹട്ടി- തിരുവനന്തപുരം ട്രെയിനിൽ യാത്ര ചെയ്തു വരികയായിരുന്നു. രാവിലെ 4 മണിക്ക് ഞാൻ അവരെ സ്വീകരിക്കുവാൻ തിരുവല്ലാ റെയിൽവേ സ്റ്റേഷനിൽ എത്തി. ട്രെയിൻ വന്നു നിന്നു. എന്റെ ഭാര്യയും കുഞ്ഞുങ്ങളും പുറത്തിറങ്ങി. അമ്മ പെട്ടികൾ പുറത്തേക്ക് തന്നുകൊണ്ടിരുന്നു. പെട്ടന്നു ട്രെയിൻ ചലിച്ചു തുടങ്ങി. അവസാനത്തെ പെട്ടി അമ്മ പുറത്തേക്ക് വലിച്ചെറിഞ്ഞു. ഞാൻ വിളിച്ചുപറഞ്ഞു: ഇറങ്ങേണ്ട, അടുത്ത സ്റ്റേഷനിൽ ഇറങ്ങിയാൽ മതി. എന്നാൽ അതു വൈകിപോയി. ഓടുന്ന ട്രെയിനിൽ നിന്നും അമ്മ പുറത്തേക്ക് എടുത്തുചാടി. ഒരു നിമിഷം.... പ്ലാറ്റ്ഫോമിൽ വീണ ആ ശരീരം പൊടുന്നനവേ ട്രെയിനിന്റെ അടിയിലേക്ക് തെറിച്ചു വീണു. ചീറിപ്പായുന്ന ട്രെയിനിന്റെ അവസാനത്തെ ബോഗിവരെ ആ ശരീരത്തിലൂടെ കയറിയിറങ്ങി. അപ്പോഴും അവസാനത്തെ ബോഗിയിൽ നിന്ന ഗാർഡ് പച്ചക്കൊടി തന്നെയായിരുന്നു പിടിച്ചിരുന്നത്. ഞാൻ ഓടിച്ചെന്നപ്പോൾ അമ്മ ആയിരം കഷണങ്ങളായി ട്രാക്കിൽ ചിതറി കിടക്കുന്നു. ഒന്നേ നോക്കിയുള്ളു. അടിത്തട്ടില്ലാത്ത ഒരു കുഴിയിലേക്ക് ഞാൻ വീണതുപോലെ തോന്നി. എല്ലാം നഷ്ടപ്പെട്ട ഒരുവനെപ്പോലെ ഞാൻ തകർന്നിരുന്നു. ആ ദുരന്തം വരുത്തിവെച്ച സംഘർഷങ്ങൾ നിരവധിയായിരുന്നു. തീവ്രദുഃഖം, ശൂന്യത, ഞെട്ടൽ, ഭയം തുടങ്ങി പലതും. എന്റെ ശുശ്രൂഷകൾ അവസാനിച്ചു എന്നു ഞാൻ കരുതി. ഇനി ഒരിക്കലും എനിക്കു മുന്നോട്ടു പോകുവാൻ സാധ്യമല്ല എന്ന ചിന്ത വിശദീകരിക്കാനാവാത്ത ഒരു ഭീകരാന്തരീക്ഷം എന്നിൽ സൃഷ്ടിച്ചു. ഈ നിരാശാജനകമായ സന്ദർഭത്തിൽ അലമുറയോടുള്ള എന്റെ കരച്ചിലിനു മറുപടിയായി യേശു എന്നോടു സംസാരിക്കുവാൻ തുടങ്ങി. അങ്ങനെയാണ് ഞാൻ ഈ ആന്തരികസൗഖ്യ ആലോചനകൾ യേശുവിൽ നിന്നു പ്രാപിച്ചത്. ദുരന്തം ഒരിക്കലും നല്ലതല്ല. അത് ആർക്കും സംഭവിക്കാതിരിക്കട്ടെ. എന്നാൽ, സംഭവിച്ചുപോയാൽ എന്തു ചെയ്യേണം? യേശുവിലേക്ക് നാം തിരിയേണം. അങ്ങനെ നാം ചെയ്താൽ ദുരന്തത്തിൽ ഒളിഞ്ഞു കിടക്കുന്ന അനുഗ്രഹം നമുക്ക് ലഭിക്കും. അതിന് ഞാൻ ഉദാഹരണമാണ്. അതിന് എന്റെ ഓർമ്മകളെ യേശുവിൻ നാമത്തിൽ സൗഖ്യമാക്കി.

ദുരന്തം മൂലം ഉണ്ടാകുന്ന മുറിവുകൾ സൗഖ്യമാകാതിരുന്നാൽ അതു നമ്മുടെ ഫലസമൃദ്ധിയെ (fruitfulness) തടയും. വർഷങ്ങൾ കഴിഞ്ഞാലും നാം പഴയ ദുരന്തത്തിൽ തന്നെ ജീവിക്കും, പ്രയോജനപ്പെടുവാൻ കഴിയാതെ വരും, മാത്രവുമല്ല അതു നമ്മുടെ മനസ്സിനും ശരീരത്തിനും കേടും വരുത്തും.

ലൈംഗിക പീഡനങ്ങൾ മൂലം സംഭവിച്ച ഞെട്ടലുകളിൽ ജീവിക്കുന്നവരുണ്ട്. പ്രത്യേകിച്ചും കുട്ടിക്കാലത്ത് ഒരിക്കലും പ്രതീക്ഷിക്കപ്പെടാത്തവരാൽ പീഢനം (Child abuse) സഹിക്കേണ്ടി വന്നിട്ടുള്ള കുട്ടികൾ ഇന്നും അതിന്റെ പരിണിത ഫലങ്ങൾ അനുഭവിക്കുന്നു. സ്വന്തം പിതാക്കന്മാരാൽ വഷളാക്കപ്പെട്ട പെൺകുട്ടികളിൽ പലർക്കും ആ ഞെട്ടലിൽ നിന്ന് പുറത്തുവരാൻ കഴിയുന്നില്ല. ബലാല്ക്കാരേണ ലൈംഗിക പീഡനങ്ങൾക്ക് വിധേയരായവർ ജീവപര്യന്തം മുറിവ് ഹൃദയത്തിൽ വഹിച്ചുകൊണ്ടു നടക്കും. അങ്ങനെയുള്ളവർക്കു വിവാഹത്തോടും ലൈംഗികതയോടും വെറുപ്പും വരും. വിവാഹം കഴിച്ചാലും ലൈംഗികതയിൽ നിന്ന് ഒഴിഞ്ഞു നിൽക്കും. ദാവീദിന്റെ മകളായ താമറിനെ ദാവീദിന്റെ മകനായ അമ്നോൻ വഷളാക്കി (2ശമുവേൽ13:20). അതിന്റെ പരിണിത ഫലമായിഅബ്ശാലോമിന്റെ വീട്ടിൽ അവൾ ഏകാകിയായി പാർത്തു.

എല്ലാ ദുരന്തങ്ങളിൽ നിന്നും യേശു നമ്മെ സൗഖ്യമാക്കുവാൻ ആഗ്രഹിക്കുന്നു. ഞെട്ടിപ്പിച്ച സംഭവങ്ങളിൽ കിടക്കുന്ന നമ്മുടെ തിന്മ നിറഞ്ഞ വൈകാരിക പ്രതികരണങ്ങളെ യേശു നീക്കിക്കളഞ്ഞു നമ്മുടെ മനസ്സുകളെ പൂർണമായി സൗഖ്യമാക്കുവാൻ ആഗ്രഹിക്കുന്നു.

**"പത്രൊസ് യേശുവിനോട്; എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല എന്നു പറഞ്ഞു"** (മർക്കൊസ് 14:29)

**"കർത്താവേ, ഞാൻ നിന്നോടുകൂടെ തടവിലാകുവാനും മരിക്കുവാനും ഒരുങ്ങിയിരിക്കുന്നു"** (ലൂക്കൊസ് 22:33)

പത്രൊസ് ആത്മാർത്ഥമായി അതു ചെയ്യുവാൻ ഉറച്ചാണ് പറഞ്ഞത്. എന്നാൽ ആ ദുരന്തം സംഭവിച്ചു. പത്രൊസ് ഒരിക്കലും പ്രതീക്ഷിക്കാത്തത് സംഭവിച്ചു. മൂന്നു വട്ടം അവൻ യേശുവിനെ തള്ളിപ്പറഞ്ഞു. പത്രൊസിനെ ആകെ തകർത്ത,

(ശേഷം രണ്ടാം പേജിൽ)

## പുത്രികാ സംഘടനകൾക്ക് പുതിയ നേതൃത്വം

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനകൾക്ക് പുതിയ നേതൃത്വം. സൺഡേ സ്കൂൾ, യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്.സി.വൈ.എം.), സഹോദരിമാരുടെ സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ വിമൻസ് അസോസിയേഷൻ (എഫ്.സി.ഡബ്ല്യു.എ.) എന്നിവയുടെ അടുത്ത രണ്ട് വർഷങ്ങളിലേക്കുള്ള (2011-2013) പ്രവർത്തനങ്ങൾക്കായി സംയുക്താരാധനയോടനുബന്ധിച്ച് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ വച്ച് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സൺഡേസ്കൂൾ പ്രസിഡന്റായി പാസ്റ്റർ എബി എം.ജോൺ, സെക്രട്ടറി ബ്രദർ പി. സാമുവേൽ, ട്രഷറാർ- ബ്രദർ ബേബി മുളക്കവിള, എഫ്.സി.വൈ.എം.പ്രസിഡന്റ് സുവി. സുമേഷ് പി. ലാസർ, സെക്രട്ടറി ബ്രദർ ജോൺസൺ ഡാനിയേൽ, ട്രഷറാർ- ബ്രദർ സാബു ജോൺ,എഫ്.സി.ഡബ്ല്യു.എ. പ്രസിഡന്റ്- സിസ്റ്റർ ലിൻസി ബിജു, സെക്രട്ടറി- സിസ്റ്റർ ലില്ലിക്കുട്ടി ജോയി, ട്രഷറാർ- എൽസി വർഗ്ഗീസ്.

## ഉപവാസപ്രാർത്ഥന നടന്നു

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജന്റെ ആഭിമുഖ്യത്തിൽ 2011 ഏപ്രിൽ 11 മുതൽ17 വരെ ഏഴ് ദിവസത്തെ ഉപവാസപ്രാർത്ഥന അടൂർ ഫെയ്ത്ത് ഫെലോഷിപ്പ് സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. സഭയുടെ ഉന്നമനത്തിനും ആത്മിക ഉണർവ്വിനും ഈ ഉപവാസ പ്രാർത്ഥന കാരണമായി. കേരളാ റീജനിലെ സഭാശുശ്രൂഷകന്മാരും ദൈവമക്കളും ഏഴ് ദിവസക്കാലം ഉപവാസത്തോടെ ദൈവസന്നിധിയിലിരുന്നു. കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ പ്രാർത്ഥിച്ചാരംഭിച്ച ഉപവാസപ്രാർത്ഥനയിൽ കർത്തൃദാസന്മാരായ സുമേഷ് പി. ലാസർ, എം. ജോർജ്ജ്കുട്ടി, വിനോദ് കെ, എബി എം. ജോൺ, ബോബി പി. ജോൺ, എബി ജോർജ്ജ്, വി.എം. എബ്രഹാം, റ്റി.പി. രാജു, ഡി. ലാസർ, ബിജു ബഞ്ചമിൻ, ഡി. ജോൺ, സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി എന്നിവരും സഭാ സെക്രട്ടറിമാരായ സഹോദരന്മാരായ ജോയി കൊടുമൺ, ബെൻസിജോർജ്ജ്, സണ്ണി നെല്ലിമുകൾ തുടങ്ങിയവരും വിവിധ സെക്ഷനുകളിലായി ദൈവവചനം ശുശ്രൂഷിച്ചു.

## ഡിവൈൻ ഹാർവെസ്റ്റ് ഫെസ്റ്റ് 2011

കൈതപറമ്പ് ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെയും
ഡൽഹി ഗുഡ് റ്റൈയ്ഡിംഗ് മിനിസ്ട്രീസിന്റെയും ആഭിമുഖ്യത്തിൽ
**21 ദിവസത്തെ ഉപവാസ പ്രാർത്ഥനയും വിടുതലിൻ ശുശ്രൂഷയും**

**സ്ഥലം:** കൈതപറമ്പ്, നിരപ്പിൽ പടി, വള്ളിവിള ഭവനാങ്കണം
**തീയതി:** 2011 മെയ് 16 മുതൽ ജൂൺ 5 വരെ
**സമയം:** എല്ലാ ദിവസവും രാവിലെ 9.30 മുതൽ രാത്രി 9.30 വരെ

✶ ഈ കാലഘട്ടങ്ങളിൽ ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന കൃപാവരപ്രാപ്തരായ ദൈവദാസന്മാർ വിവിധ യോഗങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കും

കൂടുതൽ വിവരങ്ങൾക്ക്:
പാസ്റ്റർ ജോസ് സാമുവൽ (ന്യൂഡൽഹി) 09645808125, പാസ്റ്റർ കെ. ജെ. ബിനോയി (കൈതപറമ്പ്) 04734-244791

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 09 - 11
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

## കിങ്ങ് ജെയിംസ് ബൈബിളിന് നാനൂറ് വയസ്

**ആം**ഗലേയ ഭാഷയിൽ ലഭ്യമായ ആദ്യത്തെ വേദപുസ്തകം കിങ്ങ് ജെയിംസ് ബൈബിൾ പ്രസിദ്ധീകരിച്ചിട്ട് ഈ മാസം നാനൂറ് വർഷം തികയുകയാണ്. ചാൾസ് മക്ഗ്രഫിന്റെ അഭിപ്രായത്തിൽ ഒരു സമിതി (കമ്മിറ്റി) കൈവരിച്ചതിൽ ഏറ്റവും ശ്രേഷ്ഠമായ കാര്യം - കാരണം 54 പണ്ഡിതരും പുരോഹിതരും ഏഴു വർഷം കൊണ്ട് ഒമ്പത് അംഗങ്ങൾ വീതമുള്ള ആറ് ഉപസമിതികളായി കൂടിചേർന്ന് പൂർത്തിയാക്കിയ പണിയാണ് കെ.ജെ.വി. ബൈബിൾ. ആംഗലേയ ഗദ്യസാഹിത്യത്തിലെ ഒരു ഉത്തമ സൃഷ്ടിയാണ് ഈ വേദപുസ്തക പരിഭാഷ. തനതായ ഭാഷാശൈലിയും പ്രയോഗങ്ങളും കൊണ്ട് ഇന്നും വേറിട്ടു നിൽക്കുന്നു ഇത്. അതിനെ സമ്പുഷ്ടമാക്കുന്ന പല പ്രയോഗങ്ങൾക്കും ഇംഗ്ളീഷ് ഭാഷ ബൈബിളിനോട് കടപെട്ടിരിക്കുന്നു.

ഇന്നത്തെപ്പോലെ അന്നും രാഷ്ടീയ, മതധ്വനികളടങ്ങിയ ഒരു വിഷയമായിരുന്നു വിശുദ്ധ വചനങ്ങളുടെ പരിഭാഷപ്പെടുത്തൽ. സാധാരണക്കാർക്ക് വായിക്കാൻ പാകത്തിൽ ആണോ ഈ വിവർത്തനം എന്ന ചോദ്യം അത് പാരായണം ചെയ്യുമ്പോൾഉയർന്നേക്കാമെങ്കിലും അതിന്റെ ഈ തനിമയാണ് അതിന്റെ ശക്തിയും.

അന്നത്തെ വ്യവസ്ഥാപിത സഭയും അന്ന് വളർച്ചയുടെ പാതയിൽ ആയിരുന്ന പ്യൂരിട്ടൻ പ്രസ്ഥാനവും തമ്മിലുള്ള ഒരു ഒത്തുതീർപ്പ് എന്ന നിലയിലാണ് കെ.ജെ.വി. ബൈബിൾ എന്ന ഉദ്യമം തുടങ്ങുന്നത്. വ്യക്തത, ലാളിത്യം, യാഥാസ്ഥിതിക ഉപദേശം എന്നിവ ആയിരുന്നു രാജാവ് (കിങ്ങ് ജെയിംസ്)നിഷ്കർഷിച്ചിരുന്നത്. പക്ഷേ, മൂലഭാഷകളായ ഹീബ്രൂ, ഗ്രീക്ക്, അരാമിക്

> ആംഗലേയ ഗദ്യസാഹിത്യത്തിലെ ഒരു ഉത്തമ സൃഷ്ടിയാണ് ഈ വേദപുസ്തക പരിഭാഷ. തനതായ ഭാഷാശൈലിയും പ്രയോഗങ്ങളും കൊണ്ട് ഇന്നും വേറിട്ടു നിൽക്കുന്നു ഇത്. അതിനെ സമ്പുഷ്ടമാക്കുന്ന പല പ്രയോഗങ്ങൾക്കും ഇംഗ്ളീഷ് ഭാഷ ബൈബിളിനോട് കടപെട്ടിരിക്കുന്നു.

എന്നിവയിൽ നിന്നും ആംഗലേയത്തിലേക്ക് ഉള്ള പരിഭാഷ പൂർത്തിയായപ്പോൾ വിവർത്തകർ അതിന് സംഗീതാത്മകത ചാർത്തികൊടുത്തു. ഷെയ്ക്സ്പിയറിന്റെ കാലഘട്ടമായതു കൊണ്ടായിരിക്കാം ഇത്രയും കാവ്യ ഭംഗിവിവർത്തകർ വരുത്തിയത്. പണ്ഡിതനായാലും പാമരനായാലും ഇത് വായിക്കുമ്പോൾ കേൾവിക്ക് ഇമ്പവും ഹൃദയത്തിൽ തങ്ങുന്നതായി അനുഭവപ്പെടുന്ന ശൈലിയാണ് ഈ പരിഭാഷയ്ക്ക് ഉള്ളത്.

1885ൽ വിക്ടോറിയൻ പണ്ഡിതർ ഇത് പരിഷ്കരിച്ചപ്പോൾ അവർ ഇതിന്റെ വേറിട്ട ശൈലി നിലനിർത്തി. മറ്റു പല ആംഗലേയ പരിഭാഷകളും ഇതിനോടകം നിലവിൽ വന്നെങ്കിലും, കെ.ജെ.വിയുടെ ചാരുതയാണ് ഇന്നും വായനക്കാരെ ആകർഷിക്കുന്നത്. ഇന്നിപ്പോൾ സവിശേഷ പതിപ്പുകളും ഇറങ്ങിത്തുടങ്ങി. ദമ്പതികൾക്ക്, സ്വവർഗാനുരാഗികളായ പുരുഷന്മാർക്ക്, അങ്ങനെയുള്ള സ്ത്രീകൾക്ക്, ലഹരിയിൽ നിന്ന് മുക്തി നേടിക്കൊണ്ടിരിക്കുന്നവർക്ക്, സാഹസിക കായികയിനങ്ങളിൽ ഏർപ്പെടുന്നവർക്ക്- ഇത് ഇനിയും നീളാം. എന്നാൽ ഇംഗ്ളീഷ് ബൈബിൾ എന്ന് കേൾക്കുമ്പോൾആദ്യംസ്മരിക്കുക കിങ്ങ് ജെയിംസ് വേർഷൻ തന്നെ ആയിരിക്കും.

വാൽക്കഷണം: ഏതു ഭാഷയിലെ ഏതു വിവർത്തനമായാലും ദൈവവചനത്തിന് അതിന്റേതായ പരിവർത്തന ശക്തി എന്നും ഉണ്ടായിരിക്കും.ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകയില്ല. (മത്തായി 24:35)

(കടപ്പാട്: ചാൾസ് മക്ഗ്രഫ് ന്യൂയോർക്ക് ടൈംസ്)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി (സായാഹ്ന കോഴ്സ്) | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷതകൾ

ആത്മീയ അന്തരീക്ഷം
സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷ വേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

അടുത്ത ബാച്ച് 2011ജൂണിൽ ആരംഭിക്കുന്നു.
പ്രോസ്പക്ടസിനും അപേക്ഷാഫാറത്തിനും 30 രൂപ മണി ഓർഡർ അയക്കുക.
പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

## പരീശൻമാരും നമ്മളും



പാസ്റ്റർ ബിജു ബഞ്ചമിൻ

പഴയ നിയമ കാലത്ത് വിജാതീയരിൽ നിന്നും അവരുടെ അശുദ്ധിയിൽ നിന്നും വേർപെട്ട് വിശുദ്ധജീവിതം നയിക്കുവാൻ തീരുമാനമെടുത്ത ഒരു കൂട്ടം യഹൂദന്മാരായിരുന്നു പരീശന്മാർ. യവനായ സംസ്ക്കാരത്തിന്റെ അതിപ്രസരം യഹൂദന്മാരുടെ വിശ്വാസ ആചാരങ്ങളിൽ മാറ്റം വരുത്തിയപ്പോൾ അവയെ എതിർത്ത് ന്യായപ്രമാണം കൃത്യമായി പാലിക്കുവാൻ ശ്രമിച്ചവരായിരുന്നു ഇവർ. തങ്ങളുടെ സൽപ്രവൃത്തികൾ മറ്റുള്ളവരുടെ മുന്നിൽ പ്രദർശിപ്പിക്കുന്നതിൽ അവർ അതീവ തൽപ്പരരായിരുന്നു. ന്യായശാസ്ത്രത്തിൽ തികഞ്ഞ അഭ്യാസം പ്രാപിച്ചവരായിരുന്നു ന്യായശാസ്ത്രികൾ. ദൈവിക നിയമങ്ങൾ ലംഘിക്കുന്നതിൽ നിന്നും ജനങ്ങളെ തടയുവാൻ ന്യായശാസ്ത്രിമാർ സ്വയം നിയമങ്ങൾ ഉണ്ടാക്കി. കാലക്രമേണ ന്യായപ്രമാണത്തെക്കാളും മനുഷ്യന്റെ ആവശ്യങ്ങളെക്കാളും ഉപരിയായി അവർ തങ്ങളുടെ നിയമങ്ങൾക്ക് പ്രാധാന്യം നൽകി. യേശുവിന്റെ ഐഹിക കാലത്ത് നിലവിലുണ്ടായിരുന്ന ഇക്കൂട്ടരുടെ നല്ല ഉദ്ദേശ്യങ്ങളെ യേശു ശ്ലാഘിക്കുകയും തെറ്റുകളെ നിശിതമായി വിമർശിക്കുകയും ചെയ്തു. ഇവരുടെ പ്രവൃത്തികളെക്കുറിച്ച് യേശു തന്റെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു.

മത്തായി 23-ന്റെ ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ഭാഗത്ത് പരീശന്മാരെക്കുറിച്ച് യേശു നൽകുന്ന മുന്നറിയിപ്പുകൾ രേഖപ്പെടുത്തിയിരിക്കുന്നു. 13-ാം വാക്യം മുതൽ 29-വരെ പരീശന്മാർക്കും ന്യായശാസ്ത്രിമാർക്കും എതിരെയുള്ള ശാപവിവരണങ്ങൾ കാണുവാൻ കഴിയുന്നു. ഇവ കേവലങ്ങളായ ശാപവാക്കുകളല്ല മറിച്ച് വ്യവസ്ഥാപിതമായ വസ്തുതകളെ അവയുടെ അന്തസ്സാരം ബോധ്യമാക്കിയുള്ള ചൂണ്ടിക്കാണിക്കലാണ്. എട്ട് ശാപങ്ങൾ ഇവിടെ വിവരിച്ചിരിക്കുന്നു. സമകാലിക ലോകത്തിലെ ക്രൈസ്തവസമൂഹത്തിൽ പരീശന്മാരെപ്പോലെ വേർപെട്ടവരെന്നും ശാസ്ത്രിമാരെപ്പോലെ പ്രമാണം കാത്ത് സൂക്ഷിക്കുന്നവരെന്നും അഭിമാനിക്കുന്ന ദൈവമക്കളായ നമുക്ക് ഒരുവേള ആത്മപരിശോധന നടത്തുവാനുള്ള ചൂണ്ടുപലകയായി ഈ വാക്യങ്ങൾ നിലകൊള്ളുന്നു. പ്രമാണങ്ങൾ പാലിക്കുവാനും വിശുദ്ധി വാരിപ്പുണരുവാനും ലൗകികത ലവലേശമില്ലാതെ സ്വർഗ്ഗോന്മുഖരായി സഞ്ചരിക്കുവാൻ ഇറങ്ങിത്തിരിച്ച നമ്മുടെ സമൂഹത്തിന് പല വഴിത്താരകളിലും ചുവട് പിഴക്കുന്ന കാഴ്ചയാണ് തുടരെ തുടരെ നാം കാണുന്നത്. പരീശഭക്തിയിലേക്കും ശാസ്ത്രിമാരെപ്പോലെയുള്ള നിയമപ്രാധാന്യതയിലേക്കും നാം ഇറങ്ങിച്ചെന്ന് അവയുടെ ശരിയായ അർത്ഥം തിരിച്ചറിയാതെ ബാഹ്യപ്രകടനങ്ങളിലും കപടഭക്തിയിലും നിയമങ്ങളിലും ചട്ടങ്ങളിലും ക്രിസ്ത്യാനിത്വത്തെ ഒതുക്കി, യേശു കൽപ്പിച്ചതും പ്രമാണിച്ചതുമായ നീതി, കരുണ, സ്നേഹം, വിശ്വസ്തത എന്നീ സത്ഗുണങ്ങളെ അതിനാൽ ബന്ധിച്ച് തടവിലാക്കുകയുമത്രേ ചെയ്യുന്നത്. യേശുവിന്റെ കാൽപ്പാദങ്ങളെ പിന്തുടരുന്ന ഏതൊരു വ്യക്തിക്കും ശരിയായ ഭക്തിയുടെ തിരിച്ചറിവും അഭക്തിയുടെ അപകടങ്ങളെക്കുറിച്ചുള്ള ബോദ്ധ്യവും ഈ ശാപവിവരണങ്ങൾ പ്രദാനം ചെയ്യുന്നു.

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഭക്തന് മുന്നിൽ പരീശമനോഭാവം വിലങ്ങുതടിയാകുന്നതിനെതിരെയാണ് ഒന്നാമത്തെ ശാപം. മതത്തിന്റെ വക്താക്കളെന്ന് സ്വയം വിശേഷിപ്പിക്കുന്ന നാം അതിന്റെ ശരിയായ അർത്ഥത്തിലേക്ക് മറ്റുള്ളവരെ നയിക്കുവാൻ കഴിയാതെ അവരുടെ മുന്നിൽ തടസ്സം സൃഷ്ടിക്കുന്നവരായി തരം താഴുന്നു. നമ്മുടെ വാക്കുകൾ, പ്രവൃത്തികൾ, പ്രതികരണങ്ങൾ എന്നിവ മറ്റുള്ളവർക്ക് ദൈവത്തെ വെളിപ്പെടുത്തുന്നതാവണം. അല്ലായെങ്കിൽ നാം ദൈവരാജ്യത്തിന്റെ വ്യാപ്തിക്ക് പ്രതിബന്ധം സൃഷ്ടിക്കുന്നവരാകുന്നു.

തുടർന്നുള്ള ശാപങ്ങൾ മതമൂല്യങ്ങളെ എങ്ങനെ പരീശന്മാരും ന്യായശാസ്ത്രിമാരും വളച്ചൊടിച്ചു എന്ന് വ്യക്തമാക്കുന്നു. സഭയിൽ ആളുകളെ നേടുവാൻ എന്തു പ്രവൃത്തിയും ചെയ്യുവാൻ മടിക്കാത്ത വ്യക്തികളെക്കൊണ്ട് നമ്മുടെ സമൂഹം നിറഞ്ഞിരിക്കുന്നു. സുവിശേഷീകരണത്തിന്റെ നൈതീകതയും ധർമ്മബോധവും അവർക്ക് പ്രശ്നമല്ല. മനപരിവർത്തനത്തിനുമപ്പുറം സഭാപരിവർത്തനമാണ് ഇന്ന് ആളുകൾക്ക് ഏറെ താൽപ്പര്യം. ആളുകളെക്കൂട്ടി കഴിഞ്ഞാലോ അവരുടെ ശാരീരികവും, മാനസികവും, സാമൂഹികവും, ഭൗതികവുമായ വിഷയങ്ങൾക്ക് വില കൽപ്പിക്കാതെ അവരുടെ സ്ഥിതി പൂർവ്വാധികം ദുഷ്കരമാക്കുന്ന പ്രവണത ഇന്നത്തെ സാധാരണ കാഴ്ചയാണ്. ദശാംശത്തിലും വഴിപാടിലും കൃത്യതകാട്ടിയിരുന്ന പരീശന്മാർ ദൈവത്തിന്റെ ന്യായപ്രമാണത്തിലെ പ്രധാനപ്പെട്ട തത്വങ്ങൾ പക്ഷേ തിരസ്ക്കരിച്ചു. സാമ്പത്തിക ക്രയവിക്രയങ്ങളുടെ വേദിയാക്കി ഉള്ളവന് പ്രാധാന്യവും ഇല്ലാത്തവന് ഭ്രഷ്ടും കൽപ്പിക്കത്തക്ക സാമൂഹിക വ്യവസ്ഥിതിയിലേക്ക് അതിനെ നയിച്ചു. ഇന്നും അത് തുടർന്നുകൊണ്ടിരിക്കുന്നു.

അഞ്ചും ആറും ശാപങ്ങൾ വിശുദ്ധിയെക്കുറിച്ചുള്ള പരീശ മനോഭാവത്തിനെതിരായുള്ളവയാണ്. പുറമേയുള്ള പ്രകടനത്തിലല്ല വിശുദ്ധിയെന്നും ആന്തരികമായ പരിവർത്തനത്തിനും ശുദ്ധീകരണത്തിലുമാണ് അത് നിലനിൽക്കുന്നതെന്നും യേശു എടുത്തു കാട്ടുന്നു. ഏഴാമത്തെ ശാപം ദൈവത്തിനെതിരായ മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്നവർക്കെതിരെയുള്ള താക്കീതും ദൈവത്തിന്റെ പ്രവാചകന്മാരുടെ വാക്കുകൾ കൈക്കൊള്ളാതെ അവരെ കൊന്നൊടുക്കുകയും പിന്നീട് അവർക്ക് വേണ്ടി ഗോപുരങ്ങളും കല്ലറകളും തീർക്കുകയും ചെയ്യുന്ന വ്യർത്ഥവിശ്വാസത്തിന്റെ തുറന്നുകാട്ടലുമാണ്. ഈ ശാപവാക്കുകൾ പരീശന്മാരോട് മാത്രമുള്ളതല്ല, ഇന്ന് പരീശമനോഭാവത്തിൽ ജീവിക്കുന്നവർക്കും ഇത് ബാധകമാണ്. മറ്റൊരാളെ പരീശൻ എന്ന് മുദ്രകുത്തുവാൻ നമുക്കാവില്ല. നമ്മിലെ പരീശത്വത്തെ തിരിച്ചറിയുകയാണ് സാദ്ധ്യമായ ഏറ്റവും നല്ല കാര്യം. അപ്പോൾ നമുക്ക് തെറ്റുകൾ മനസ്സിലാക്കുവാനും തിരുത്തുവാനും കഴിയും. ശപിക്കപ്പെട്ടവരായി തീരുവാനല്ല അനുഗ്രഹിക്കപ്പെടുവാനത്രേ ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. അതിന് അനുസരണം, വിശ്വാസം, വിശ്വസ്തത, താഴ്മ, ദൈവഭയം, പ്രാർത്ഥന തുടങ്ങിയവ അത്യന്താപേക്ഷിതമാണ്. പരീശഭക്തിയിലൊതുങ്ങാതെ പ്രാവർത്തികമായ ക്രൈസ്തവ ജീവിതമാണ് നാം നയിക്കേണ്ടത്.

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442